"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 168/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2035/2025/LSGD തീയതി,തിരുവനന്തപുരം, 16-08-2025

---

പരാമർശം:-

1. ബഹു.തിരുവനന്തപുരം IIഅഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 168/2010 നമ്പർ കേസിന്മേലുള്ള 26/09/2018 തീയതിയിലെ വിധിന്യായം
2. സ.ഉ.(പി) നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 08/02/2024 തീയതിയിലെ എ3/3082/23/ടിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18/07/2025 തീയതിയിലെ DCTVM/1018/2024-K9 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 770 (Re. Sy. No.770/2) -ൽ ഉൾപ്പെട്ട 0.18 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. എൻ. രവികുമാർ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 168/10 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 20,40,014/- രൂപ (ഇരുപത് ലക്ഷത്തി നാല്പതിനായിരത്തി പതിനാല് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം(3), (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം.770 (Re. Sy. No.770/2) -ൽ ഉൾപ്പെട്ടതും ശ്രീ. എൻ. രവികുമാറിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.18 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.168/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 20,40,014/-രൂപ (ഇരുപത് ലക്ഷത്തി നാല്പതിനായിരത്തി പതിനാല് രൂപ മാത്രം) ടി കേസിലെ

കക്ഷിക്ക് '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. എൻ. രവികുമാർ, റ്റി.സി.37/144, പത്മവിലാസം റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/362/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 18-08-2025 10:47:11
സെക്ഷൻ ഓഫീസർ